**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3569** **27-06-2024 - ൽ മറുപടിയ്ക്ക്**

**പച്ചക്കറി വില കുറച്ച് നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പച്ചക്കറിയുടെ വില അനിയന്ത്രിതമായി വർദ്ധിക്കുന്നതുമൂലം ജനങ്ങൾ ബുദ്ധിമുട്ടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടുത്ത വരൾച്ചയും തുടർന്നുണ്ടായ അതിതീവ്രമഴയും കാരണം സംസ്ഥാനത്ത് പച്ചക്കറി ഉത്പാദനത്തിൽ കുറവു സംഭവിക്കുകയും വിപണിയിൽ ലഭ്യത കുറവുണ്ടാകുകയും ചെയ്തിട്ടുണ്ട്.<br><br>വിപണിയിൽ പച്ചക്കറി ലഭ്യത ഉറപ്പാക്കുവാനും പച്ചക്കറി വില നിയന്ത്രിക്കുവാനും താഴെ പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br><br>(1) പ്രാദേശിക കർഷകരിൽനിന്നും പച്ചക്കറികൾ സമാഹരിച്ച് ഹോർട്ടീകോർപ്പിന്റെ സ്റ്റാളുകളിലൂടെ വിതരണം ചെയ്യും.<br><br>(2) പ്രാദേശികമായി ലഭ്യമാകാത്ത പച്ചക്കറികൾ, മറ്റു സംസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച് കൃഷി വകുപ്പിന്റെ വിവിധ വിപണികൾ വഴി വിതരണം ചെയ്യും.<br><br>(3)ഹോർട്ടീകോർപ്പ്, VFPCK എന്നിവയുടെ മൊബൈൽ ഔട്ട് ലെറ്റുകളിലൂടെ കൂടുതൽ പച്ചക്കറികൾ വിതരണം ചെയ്യും.<br><br>(4) പച്ചക്കറി ലഭ്യത ഉറപ്പാക്കാൻ പച്ചക്കറി സംഭരണം സംബന്ധിച്ച് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കും. |
| (ബി) | സംസ്ഥാനത്ത് എല്ലാ പച്ചക്കറികളുടെയും വില ഹോർട്ടികോർപ്പിലും പൊതു വിപണിയിലും സമാനമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പൊതുവിപണിയേക്കാൾ വില കുറച്ച് പച്ചക്കറികൾ നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടുത്ത വരൾച്ചയും തുടർന്നുണ്ടായ അതിതീവ്രമഴയും കാരണം സംസ്ഥാനത്ത് പച്ചക്കറി ഉത്പാദനത്തിൽ കുറവു സംഭവിക്കുകയും വിപണിയിൽ ലഭ്യത കുറവുണ്ടാകുകയും ചെയ്തിട്ടുണ്ട്.<br><br>വിപണിയിൽ പച്ചക്കറി ലഭ്യത ഉറപ്പാക്കുവാനും പച്ചക്കറി വില നിയന്ത്രിക്കുവാനും താഴെ പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | (1) പ്രാദേശിക കർഷകരിൽനിന്നും പച്ചക്കറികൾ സമാഹരിച്ച് ഹോർട്ടീകോർപ്പിന്റെ സ്റ്റാളുകളിലൂടെ വിതരണം ചെയ്യും.<br><br>(2) പ്രാദേശികമായി ലഭ്യമാകാത്ത പച്ചക്കറികൾ, മറ്റു സംസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച് കൃഷി വകുപ്പിന്റെ വിവിധ വിപണികൾ വഴി വിതരണം ചെയ്യും.<br><br>(3)ഹോർട്ടീകോർപ്പ്, VFPCK എന്നിവയുടെ മൊബൈൽ ഔട്ട് ലെറ്റുകളിലൂടെ കൂടുതൽ പച്ചക്കറികൾ വിതരണം ചെയ്യും.<br><br>(4) പച്ചക്കറി ലഭ്യത ഉറപ്പാക്കാൻ പച്ചക്കറി സംഭരണം സംബന്ധിച്ച് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കും. |

സെക്ഷൻ ഓഫീസർ